FRIDAY 17.05.2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

**Chief Editor : ASA S KUMAR** **Editor : Dr BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/05/2024

1. കേരള കാർഷിക സർവകലാശാലയുടെ കാർഷിക കോളേജ് വെള്ളാനിക്കര പ്ലാന്റേഷൻ ക്രോപ്പ് ആൻഡ് സ്പൈസസ് ഫാമിൽ നല്ല കായ്ഫലം തരുന്ന തെങ്ങുകളിൽ നിന്ന് 20.05.2024 മുതൽ20.05.2025 വരെയുള്ള ഒരു വർഷ കാലയളവിൽ വ്യവസ്ഥകൾക്ക് വിധേയമായി കരിക്കും നാളികേരവും വിളവെടുക്കുന്നതിനുള്ള അവകാശത്തിന് ഇന്ന് (17.05.2024) രാവിലെ 11.30 മണിക്ക് പരസ്യ ലേലം നടത്തുന്നതായിരിക്കും.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തവനൂർ കാർഷിക എൻജിനീയറിങ് കോളേജിലെ അസിസ്റ്റൻറ് പ്രൊഫസർ ഒഴിവുകളിലേക്ക് ഒരു വർഷത്തെ കോൺട്രാക്ട് നിയമത്തിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 22.05.2024 വൈകുന്നേരം 5 മണി. മാസ ശമ്പളം-44100/ രൂപ . വിശദവിവരങ്ങൾ അറിയുന്നതിന് www.kau.in, www.kcaet.kau.in എന്നിവ സന്ദർശിക്കുക

3. മൃഗസംരക്ഷണ വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/06/2024 മുതൽ 31/05/2025 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 28/05/2024-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ് 1000 രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ രണ്ടുമാസം പ്രായമുള്ള ഗ്രാമശ്രീ ഇനം മുട്ടക്കോഴി കുഞ്ഞുങ്ങളെ ഈ മാസം 18ന് രാവിലെ ഒമ്പതുമണി മുതൽ 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447932809

5. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര കാർഷിക കോളേജ്, പുഷ്പകൃഷി വിഭാഗത്തിൽ ഓണവിപണി ലക്ഷ്യമാക്കി ചെണ്ടുമല്ലി, വാടാർമല്ലി എന്നിവയുടെ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. താല്പര്യമുള്ളവർ ഈ മാസം 20 നു (20.05.2024) മുമ്പായി 9074222741, 7902856458 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബിവി 380 കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായി. ആവശ്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

**പരിശീലന പരിപാടി**

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എൻറർപ്രിണർഷിപ്പ് ആന്റ് മാനേജ്മെൻറും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി മുരിങ്ങ പ്രോസസിങ് ആൻറ് വാല്യു അഡിഷൻ എന്ന വിഷയത്തിൽ 2024 മെയ് മാസം 10 ന് നടത്താനിരുന്ന വെബിനാർ 2024 മെയ് 17 (ഇന്ന്) ലേക്ക് മാറ്റി. രാവിലെ 10 മണി മുതൽ 2.00 മണി വരെയാണ് വെബിനാർ സംഘടിപ്പിക്കുന്നത്. ഫോൺ – 9894244344, 9080153435, വെബ്സൈറ്റ് – niftemt.ac.in

8. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29

തിയ്യതികളിലായി ചീസിൻറെ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

9. ഇടുക്കി ജില്ല കൃഷി വിജ്ഞാനകേന്ദ്രത്തിൽ, ഈ മാസം 17ന് (ഇന്ന്) സസ്യ പ്രവർദ്ധനവും നഴ്സറി പരിപാലനവും, 20 ന് തേനീച്ച കോളനികളുടെ മഴക്കാല പരിചരണം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു കൂടുതൽ വിവരങ്ങൾക്ക് 0496 2966041 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2024 മെയ് 21, 22 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെ യും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽ നടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലനസർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ ഒരുവർഷം നീണ്ടുനിൽക്കുന്നതാണ് ഈ പരിശീലനപരിപാടി. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിപാലനമുറകളും പ്രായോഗികപരിശീലനവും ഇതിൽ ഉൾപെടുന്നു. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. മെയ് മാസം മുതൽ തുടങ്ങുന്ന ഈ കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ 7306464582 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

12. കാർഷിക നിർദ്ദേശം - ശീമചേമ്പ് - ഇടവിള കൃഷിക്കനുയോജ്യം

ശീമചേമ്പ് (പാൽ ചേമ്പ്) തെങ്ങ്, വാഴ, റബർ, തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാം.. പുതിയ റബർത്തോട്ടങ്ങളിൽ ആദ്യത്തെ 5 വർഷം വരെ പാൽ ചേമ്പ് കൃഷി ചെയ്യാം. തനിവിളയായി നടുമ്പോഴും മൂന്നടി അകലം പാലിക്കണം. 150-200 വലിപ്പത്തിൽ മുറിച്ച് കഷണങ്ങളാക്കിയ തള്ളചേമ്പോ 50-75 ഗ്രാം വലിപ്പമുള്ള പിള്ള ചേമ്പോ നടാം. ഇടവിളയായി കൃഷി ചെയ്യു മ്പോൾ യൂറിയയും സൂപ്പർ ഫോസ്ഫേറ്റും പകുതിയും പൊട്ടാഷ് മുഴുവനും നൽകണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം